[മി. സ്പീക്കർ]

താണു്. ഇവിടെ ഉണ്ടായ രംഗം, ശ്രീ. മാണിയുടെ അഭിപ്രായം അദ്ദേഹം പറഞ്ഞു. അങ്ങനെ ആ അഭിപ്രായമനുസരിച്ചു് ചോദ്യം ചോദിക്കുന്നതു് ശരിയല്ലെന്നുള്ള സ്റ്റാൻഡു് ഗവണ്മെൻറു് ഭാഗത്തുനിന്നും ഉണ്ടായി. തീർച്ചയായും അങ്ങനെ ഉണ്ടായ സ്ഥിതിക്കു് പിന്നീടു് ചോദ്യം ചോദിക്കേണ്ട കാര്യമില്ല. ഗവണ്മെൻറിൻെറ മനോഭാവം എന്താണെന്നു അറിഞ്ഞ സ്ഥിതിക്കു് പിന്നെ ഒരു സിറ്റുവേഷൻ (situation) ഉണ്ടാക്കാൻ പോകേണ്ടായിരുന്നു. ചോദ്യം ചോദിക്കുന്നില്ല എന്നു വിചാരിച്ചാൽ മതിയാകുമായിരുന്നു. അതുപോലെതന്നെ ഒരാൾ ചോദ്യം ചോദിക്കുന്ന സമയത്തു്, അങ്ങനെ ചോദിക്കാൻ പാടില്ലെന്നു പറഞ്ഞുകൊണ്ടു് മറ്റു മെമ്പർമാർ എഴുന്നേറ്റു നിൽക്കുന്നതും ശരിയല്ല. മേലാൽ ഈ മാതിരി സംഭവങ്ങൾ ഉണ്ടാകുകയില്ലെന്നു് എനിക്കു് ഉറപ്പുതരാൻ കഴിയുമോ എന്നു ഞാൻ ഈ സന്ദർഭത്തിൽ സഭയോടു് ചോദിക്കുന്നില്ല. അങ്ങനെ ഉറപ്പു് ഉണ്ടെന്നു ഞാൻ വിശ്വസിക്കുകയാണു്.

3. ADJOURNMENT MOTION

CLASH BETWEEN TWO GROUPS OF STUDENTS IN VYASA COLLEGE, WADAKKANCHERY ON THIRTIETH SEPTEMBER 1969

മി. സ്പീക്കർ: വടക്കാഞ്ചേരി വ്യാസാ കോളേജിലെ രണ്ടു വിഭാഗം സ്റ്റുഡൻറ്സ് തമ്മിൽ ഉണ്ടായ സംഘട്ടനം മൂലം ഉണ്ടായ ഗുരുതരാവസ്ഥ ചർച്ച ചെയ്യുന്നതിനു സഭാനടപടികളും നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ശ്രീ. എൻ. കെ. ശേഷൻ ഒരു അടിയന്തിരപ്രമേയത്തിനു നോട്ടീസു് തന്നിട്ടുണ്ടു്. ബഹുമാനപ്പെട്ട മന്ത്രിക്കു് എന്തെങ്കിലും പറയുവാനുണ്ടോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): ഇൻഫർമേഷൻ മുഴുവൻ കിട്ടിയിട്ടില്ല. അന്വേഷിച്ചു വേണ്ടതു ചെയ്യാം.

ശ്രീ. എൻ. കെ. ശേഷൻ: സർ, ഇന്നലെയാണു് സംഭവം ഉണ്ടായതു്. രണ്ടുതവണ സംഭവം ഉണ്ടാകുകയും ചെയ്തു. ഇന്നുണ്ടായ സംഭവമല്ല. വളരെക്കാലമായി നിലനിന്നുവരുന്ന സംഘർഷാവസ്ഥ ആയതുകൊണ്ടു പോലീസു് നടപടികളോ മറ്റു നിയമസമാധാനപാലന നടപടികളോ ഉണ്ടാക്കുന്നതിനും പുറമേ സ്ഥിരമായി സമാധാന അന്തരീക്ഷം ഉണ്ടാക്കുന്നതിനു ഗവണ്മെൻറു മുൻകൈ എടുത്താൽ കൊള്ളാമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. എം. കെ. കൃഷ്ണൻ: അടിയന്തിരമായി നിയമസമാധാനം പാലിക്കുവാനും അതുപോലെതന്നെ നിയമസമാധാന അന്തരീക്ഷം ഉണ്ടാക്കാനും ഉള്ള നടപടി സ്വീകരിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു് കളക്ടർക്കു് ഇപ്പോഴുതന്നെ വിവരം അറിയിക്കുന്നുണ്ടു്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വേണ്ട നടപടികളും കൈക്കൊള്ളാമെന്നു സമ്മതിച്ചിട്ടുള്ളതുകൊണ്ടു് ഇപ്പോഴും ഈ അടിയന്തിര പ്രമേയത്തിനു അനുമതി നൽകുന്നില്ല.

4. CALLING ATTENTION UNDER RULE 61

PROPOSED AGITATION BY THE EMPLOYEES OF PANCHAYATS

മി. സ്പീക്കർ: സംസ്ഥാനത്തിലെ 933 പഞ്ചായത്തിലെ ഏകദേശം ഏഴായിരത്തോളം വരുന്ന പഞ്ചായത്തു ജീവനക്കാർ അവരുടെ സർവ്വീസിലെ അവശതകളും പരിഹരിച്ചു കിട്ടുന്നതിലേയ്ക്കായി വരുന്ന 4-ാം തീയതി മുതൽ

LIBRARY ARCHIVES Kerala Legislative Assembly